ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 17-11-2003-ൽ നിലവിൽ വന്ന പ്രസ്തുത ലിസ്റ്റിൽ നിന്ന് 17-4-2004 വരെ മൂന്ന് ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

കെമിസ്ട്രി അദ്ധ്യാപക നിയമനത്തിന് നടപടി

52 [1567] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ്ടു കെമിസ്ട്രി അദ്ധ്യാപക നിയമനത്തിന് പി. എസ്. സി.യുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ബാക്കിയുള്ളവർക്ക് മെമ്മോ അയയ്ക്കാൻ കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 201 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

വി. എച്ച്. എസ്. ഇ.യിലേക്ക് സ്ഥിരം അദ്ധ്യാപകർ

53 [1568] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 20 കൊല്ലമായി സ്ഥിരം അദ്ധ്യാപകരില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന വി. എച്ച്. എസ്. ഇ. യിലേക്ക് പി. എസ്. സി. വഴി അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വിഷയത്തിലും എത്ര അദ്ധ്യാപകരുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) അടുത്ത സ്കൂൾ വർഷാരംഭത്തിൽ വി.എച്ച്.എസ്.ഇ.-യിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കത്തക്ക രീതിയിൽ പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്നത്തേക്ക് വി. എച്ച്. എസ്. ഇ.-യിലെ വൊക്കേഷണൽ-നോൺ വൊക്കേഷണൽ തസ്തികകളിലെ നിയമനങ്ങൾക്കുള്ള പരീക്ഷകൾ നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുകയും പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ബി), (സി) ആന്റ് (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ. എ. പി. മൂന്നാം ബറ്റാലിയന്റെ പി. എസ്. സി. ലിസ്റ്റ്

54 [1569] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയുടെ ഏതെല്ലാം ബറ്റാലിയനുകളുടെ പി. എസ്. സി. ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ട്. ഓരോ ലിസ്റ്റും നിലവിൽ വന്നത് എന്നാണെന്നും ഓരോ ലിസ്റ്റിൽ നിന്നും എത്രപേർക്ക് വീതം നിയമനം നൽകി എന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകൾ ഉൾപ്പെടുത്തിയാണ് പി. എസ്. സി. ലിസ്റ്റിൽ നിന്നും കെ. എ. പി. 3-ാം ബറ്റാലിയന്റെ നിയമനം നൽകുന്നത്; ഈ ജില്ലകളിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ; ഈ ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ്;

(സി) മറ്റ് ബറ്റാലിയനുകൾക്കുവേണ്ടിയുള്ള ലിസ്റ്റിനെ അപേക്ഷിച്ച് കെ. എ. പി. 3-ാം ബറ്റാലിയന്റെ ലിസ്റ്റിൽ നിന്നും വളരെക്കുറച്ച് നിയമനം മാത്രമേ നടന്നിട്ടുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ എല്ലാ ബറ്റാലിയനുകളിലും 2002 ജൂലൈ 15 മുതൽ പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ നിന്നും നിയമനം നൽകിയവരുടെ ബറ്റാലിയൻ തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

കെ. എ. പി. I—754
കെ. എ. പി. II—1196
കെ. എ. പി. III—497
കെ. എ. പി. IV—448
കെ. എ. പി. V—440
എം. എസ്. പി.—898
എസ്. എ. പി.—652

LIBRARY ARCHIVES Kerala Legislative Assembly